# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * T 236 — 19.12.2012-ലെ മറുപടിക്ക്

### ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പു വരുത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. എം. ഷാജി<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. എം. ഉമ്മർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിവിധ വിതരണ ശൃംഖലകളിലൂടെ പായ്ക്ക് ചെയ്ത് വിതരണം ചെയ്യുന്ന, ആരോഗ്യ വർദ്ധക വസ്തുക്കൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ശുചിത്വവും, ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകളും മുൻകരുതലുകളും എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) 2011 ആഗസ്റ്റ് 5 മുതൽ രാജ്യമൊട്ടാകെ നിലവിൽ വന്ന ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006, റൂൾസ് 2011, റെഗുലേഷൻസ് 2011 -ലെ വ്യവസ്ഥകളാണ്. ഈ വിഷയത്തിൽ ബാധകമായിട്ടുള്ളത്. നിലവിൽ 6 റെഗുലേഷനുകളാണ് ഉള്ളത്. ഇവ താഴെ പറയുന്നവയാണ്.<br><br>1) The Food Safety and Standards (Contaminants, Toxins and Residues) Regulations 2011.<br><br>2) The Food Safety and Standards (Food Products Standards and Food Additives) Regulations 2011<br><br>3) The Food Safety and Standards (Laboratory and Sample Analysis) Regulations 2011 |

4) The Food Safety and Standards (Licensing & Registration of Food Businesses) Regulations 2011

5) The Food Safety and Standards (Packaging & Labelling) Regulations 2011

6) The Food Safety and Standards (Prohibition and Restrictions on Sales) Regulations 2011.

ഇതിൽ ഭക്ഷ്യ വസ്തുക്കളുടെ ശുചിത്വ പരിപാലനത്തെപ്പറ്റി ലൈസൻസിംഗ് രജിസ്ട്രേഷൻ റെഗുലേഷനിലും ഗുണനിലവാരത്തെപ്പറ്റി ഫുഡ് പ്രോഡക്റ്റ്സ് ആന്റ് ഫുഡ് അഡിറ്റീവ്സ് റെഗുലേഷനിലും പ്രതിപാദിച്ചിരിക്കുന്നു.

ബി) പ്രസ്തുത വിതരണ കേന്ദ്രങ്ങളിൽ സൂക്ഷിച്ചിട്ടുള്ള പായ്ക്കറ്റുകളിൽ ഈ നിബന്ധനകൾ വ്യക്തമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയെല്ലാമെന്ന് വ്യക്തമാക്കുമോ;

ബി) സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിൽ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ഫുഡ് സേഫ്റ്റി ഡെസിഗ്നേറ്റഡ് ഓഫീസർമാരും അവർക്ക് താഴെ സർക്കിൾ/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ പ്രവർത്തിക്കുന്ന ഫുഡ് സേഫ്റ്റി ഓഫീസർമാർക്കുമാണ് വിതരണ കേന്ദ്രങ്ങളിൽ പരിശോധന നടത്തുവാൻ അധികാരമുള്ളത്.

സി) ഉള്ളടക്കത്തിൽ ഉപയോഗിച്ചിട്ടുള്ള ചേരുവകളുടെ വിശദ വിവരം പായ്ക്കറ്റിന്റെ പുറത്ത് രേഖപ്പെടുത്തണമെന്ന വ്യവസ്ഥ പലപ്പോഴും പാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) ചെറുകിട ഉല്പാദകരുടെ ഉൽപ്പന്നങ്ങളുടെ പുറത്ത് പലപ്പോഴും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താറില്ലെന്ന് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

ഡി) നിർമ്മാതാക്കളുടെ മേൽവിലാസവും മറ്റ് വിവരങ്ങളും രേഖപ്പെടുത്താത്ത സംഭവങ്ങളിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാറുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഡി) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ചെറുകിട ഉല്പാദകർക്ക് അവബോധന ക്ലാസുകൾ നടത്തിയിട്ടുണ്ട്. പുതിയ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നതിനായുള്ള ഒരു സാവകാശം ഇപ്പോൾ ചെറുകിട ഉല്പാദകർക്കും വ്യാപാരികൾക്കും നൽകിയിരിക്കുകയാണ്. നിയമം പൂർണ്ണമായി നടപ്പിലാക്കുമ്പോൾ മാത്രമേ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് സെക്ഷൻ 26, 27 എന്നീ വകുപ്പുകൾ പ്രകാരം നടപടി സ്വീകരിക്കാനാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ